പതിനാലാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 732 — 29.11.2018 -ൽ മറുപടിയ്ക്ക്

## ടൂറിസം നയം

| ചോദ്യം<br>ശ്രീ.കെ.സി.ജോസഫ് : | | മറുപടി<br>ശ്രീ. കടകംപള്ളി സുരേന്ദ്രൻ, സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി | |
|---|---|---|---|
| എ) | പുതിയ ടൂറിസം നയത്തിന് സർക്കാർ അംഗീകാരം നൽകിയിട്ടുണ്ടോ; | എ) | ടൂറിസം നയം 2017 അംഗീകരിച്ചിട്ടുണ്ട്. |
| ബി) | പ്രസ്തുത നയം നടപ്പിലാക്കുന്നതിലൂടെ ടൂറിസം രംഗത്ത് എന്തൊക്കെ സമഗ്ര മാറ്റങ്ങൾക്ക് സാധിക്കും എന്ന് വ്യക്തമാക്കുമോ; | ബി) | കേരളത്തിനെ ലോകോത്തര നിലവാരത്തിലുള്ള വിനോദസഞ്ചാര കേന്ദ്രമാക്കുവാനുള്ള നടപടികളുടെ ഭാഗമായി നിലവിലെ പരിസ്ഥിതിക്ക് കോട്ടം വരാതെ ആധുനിക മാനദണ്ഡങ്ങൾ അടിസ്ഥാനമാക്കിയുള്ള അടിസ്ഥാന വികസന സൗകര്യങ്ങൾ നടപ്പിലാക്കുക, കേരളത്തിന്റെ പൈതൃക മൂല്യം പുനരുജ്ജീവിപ്പിക്കും വിധമുള്ള വിനോദസഞ്ചാര വികസന പദ്ധതികൾ, ഉത്തരവാദിത്ത ടൂറിസത്തിലൂന്നിയുള്ള പ്രവർത്തനങ്ങൾ എന്നിവ നടപ്പിലാക്കുക.<br>1. വിനോദസഞ്ചാര കേന്ദ്രങ്ങളുടെ ശുചിത്വ പ്രവർത്തനങ്ങൾക്ക് മുൻതൂക്കം നൽകി വികസന പ്രവർത്തനങ്ങൾ നടപ്പിലാക്കുക.<br>2. വിനോദസഞ്ചാരികളുടെ സുരക്ഷയും സംരംക്ഷണവും ഉറപ്പുവരുത്തുന്നതിനുള്ള നടപടി<br>3. പാരിസ്ഥിതിക പരിഗണനകൾക്ക് മുൻതൂക്കം നൽകിയിട്ടുള്ള പദ്ധതികൾ നടപ്പിലാക്കുന്നതിന് മുൻഗണന നൽകുക.<br>4. പ്രാദേശിക തലത്തിലുള്ള വിനോദസഞ്ചാര വികസന പദ്ധതികൾ തദ്ദേശ സ്വയംഭരണ വകുപ്പിന്റെ സഹകരണത്തോടെ നടപ്പിലാക്കുന്നതിനുള്ള നടപടി<br>5. യുവ സഞ്ചാരികളെ ആകർഷിക്കുന്നതിനായി സാഹസിക വിനോദ സഞ്ചാരത്തിന് പ്രത്യേക ഊന്നൽ<br>6. ലോക വിനോദസഞ്ചാര ഭൂപടത്തിൽ കേരളത്തെ ആഗോള ബ്രാൻഡായി |

| | | | |
|---|---|---|---|
| | | | വികസിപ്പിക്കുക.<br>7. വിപണനത്തിന് ആധുനികവും, നൂതനവുമായ മാർഗങ്ങളും നൂതന സാങ്കേതിക വിദ്യയും പ്രയോജനപ്പെടുത്തുക<br>8. ദേശീയ തലത്തിലും അന്തർ ദേശീയതലത്തിലും കേരളത്തിന്റെ വിപണി വിഹിതം ഗണ്യമായി വർദ്ധിപ്പിക്കൽ<br>9. ഉത്തരവാദിത്ത ടൂറിസം മിഷൻ<br>10. യുവ സംരംഭകർക്ക് പ്രോത്സാഹനം<br>11. വനിതാ സംരംഭങ്ങൾക്ക് പ്രാതിനിധ്യം<br>12. നൂതന ടൂറിസം ഉൽപ്പന്നങ്ങൾ<br>13. ടൂറിസം കേന്ദ്രങ്ങളിൽ ബാല സൗഹൃദ പ്രവർത്തനങ്ങൾ<br>14. ടൂറിസം കേന്ദ്രങ്ങൾ ഭിന്ന ശേഷി സൗഹൃദമാക്കൽ<br>15. ലാന്റ് ബാങ്ക് |
| സി) | സംസ്ഥാനത്തേക്കുള്ള വിദേശ സഞ്ചാരികളുടെ വരവിനെ പ്രതികൂലമായി ബാധിക്കുന്ന ഘടകങ്ങൾ എന്തൊക്കെയാണെന്ന് കണ്ടെത്തിയിട്ടുണ്ടോ; പ്രസ്തുത പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; | സി) | പ്രകൃതി ദുരന്തങ്ങൾ, പകർച്ച വ്യാധികൾ എന്നിവ പോലുള്ള ആകസ്മിക സംഭവങ്ങളുടെ ഫലമായി ദേശീയ അന്തർദേശീയ തലങ്ങളിൽ ഉണ്ടാവുന്ന നെഗറ്റീവ് പബ്ലിസിറ്റി കേരളത്തിലേക്കുള്ള സഞ്ചാരികളുടെ വരവിനെ ബാധിച്ചതായി ശ്രദ്ധയിൽപ്പെട്ടിരുന്നു. എന്നാൽ ഇവയെ അതാത് സമയത്ത് തന്നെ ഉചിതമായ പ്രചാരണ പരിപാടികളിലൂടെ മറികടക്കുവാൻ കഴിഞ്ഞിട്ടുണ്ട്. ഇതിന്റെ ഫലമായി തുടർന്നുള്ള വർഷങ്ങളിൽ കേരളത്തിലേക്കുള്ള വിനോദ സഞ്ചാരികളുടെ വരവിൽ വർദ്ധനവ് ഉണ്ടായിട്ടുള്ളത്. |
| ഡി) | കേരളത്തിന്റെ ടൂറിസം മേഖലയെ പ്രളയം എപ്രകാരം ബാധിച്ചുവെന്ന് പരിശോധിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ; | ഡി) | ഉണ്ട്. പ്രളയക്കെടുതിൽ ടൂറിസം വ്യവസായത്തിന് ആയിരം കോടിയോളം രൂപയുടേയും, ഗവൺമെന്റ് ഇൻഫ്രാസ്ട്രക്ചർ നഷ്ടം 55 കോടിയോളം രൂപയുമായി കണക്കാക്കിയിട്ടുണ്ട്. കൂടാതെ വിദേശ വിനോദസഞ്ചാരികളുടെ എണ്ണത്തിൽ 2018 മെയ്, ജൂൺ, ജൂലൈ, ആഗസ്റ്റ്, സെപ്റ്റംബർ എന്നീ മാസങ്ങളിൽ യഥാക്രമം 7.43, 16.56, 5.08, 18.46, 18.16 ശതമാനത്തിന്റെ കുറവ് സംഭവിച്ചിട്ടുണ്ട്. ആഭ്യന്തര വിനോദസഞ്ചാരികളുടെ എണ്ണത്തിൽ ആഗസ്റ്റ്, സെപ്തംബർ എന്നീ മാസങ്ങളിൽ മാത്രമേ കുറവുണ്ടായിട്ടുള്ളൂ (12.56%, 5.85%) പ്രസ്തുത കുറവിന് ആനുപാതികമായി |

| | | | |
|---|---|---|---|
| | | | വിനോദസഞ്ചാര മേഖലയിൽ നിന്നുള്ള വരുമാനത്തിലും ഇടിവ് സംഭവിച്ചിട്ടുണ്ട്. |
| ഇ) | പ്രളായാനന്തര ടൂറിസം മേഖലയെ തകർച്ചയിൽ നിന്നും കരകയറ്റുന്നതിന് സർക്കാർ എന്തൊക്കെ സഹായങ്ങളാണ് പ്രസ്തുത മേഖലയ്ക്ക് നൽകുന്നത്; വിശദമാക്കുമോ? | ഇ) | പ്രളയാനനന്തര കേരളത്തിൽ വിനോദസഞ്ചാര മേഖലയിൽ ഉണർവ്വുണ്ടാകുന്നതിനായി പോസ്റ്റ് ഫ്ലഡ് ക്യാംപയിൻ (Post Flood Campaign) എന്ന വിപണന തന്ത്രം ആവിഷ്കരിച്ച് നടപ്പാക്കി വരുന്നു. ഇതിന്റെ ഭാഗമായി ടെലിവിഷൻ, പ്രിന്റ് മീഡിയ, റേഡിയോ, സിനിമാ ശാലകൾ, സോഷ്യൽ മീഡിയ ക്യാംപയിൻ എന്നിവ നടപ്പാക്കി വരുന്നു. കൂടാതെ സ്വദേശത്തും വിദേശത്തുമായി കൂടുതൽ ബിസിനസ് മീറ്റുകൾ സംഘടിപ്പിക്കുന്നതിലൂടേയും പ്രളയാനന്തരം ടൂറിസം രംഗത്തുണ്ടായ നെഗറ്റീവ് പബ്ലിസിറ്റിയെ മറിക്കടക്കുന്നതിനുള്ള ശ്രമങ്ങൾ നടന്നു വരുന്നു. ഇതിന്റെ ഫലമായി ടൂറിസം രംഗത്തെ സംരഭകർക്ക് കൂടുതൽ നേട്ടം ലഭിച്ച് തുടങ്ങിയതായി വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ